**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4090**

**12-11-2019 തീയതിയിലെ മറുപടിക്ക്**

**ജി.ഐ.എസ്. ക്ലെയിം അപേക്ഷ തീർപ്പാക്കൽ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എം.സ്വരാജ്** | **ഡോ.റ്റി.എം. തോമസ് ഐസക്ക്**<br>**ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ എത്ര ജി.ഐ.എസ്. ക്ലെയിം അപേക്ഷകളാണ് ഒക്ടോബർ 30-ന് മുൻപ് ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കിയതെന്ന് അറിയിക്കുമോ ; | ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഒക്ടോബർ 30-ന് മുൻപായി 9,017 ജി.ഐ.എസ് ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ട്. |
| ബി), | അവയുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കുമോ ; | (പട്ടിക താഴെ) |
| സി) | എത്ര ക്ലെയിം അപേക്ഷകളാണ് ബാക്കി തീർപ്പാക്കാനുള്ളത് എന്ന് അറിയിക്കുമോ ; | ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഒക്ടോബർ 30 വരെ 2,337 ജി.ഐ.എസ് ക്ലെയിമുകൾ കൂടി തീർപ്പാക്കാനുണ്ട്. |

| ജില്ല | ഒക്ടോബർ 30- ന് മുൻപ് തീർപ്പാക്കിയ ജി.ഐ.എസ് ക്ലെയിമുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1299 |
| കൊല്ലം | 572 |
| പത്തനംതിട്ട | 297 |
| ആലപ്പുഴ | 635 |
| കോട്ടയം | 267 |
| ഇടുക്കി | 353 |
| എറണാകുളം | 1369 |
| തൃശ്ശൂർ | 1103 |
| പാലക്കാട് | 356 |
| മലപ്പുറം | 494 |
| കോഴിക്കോട് | 1128 |
| വയനാട് | 97 |
| കണ്ണൂർ | 756 |
| കാസർഗോഡ് | 291 |
| ആകെ | 9017 |

<table>
<tr><td>ഡി)</td><td>അവയുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കാമോ ;</td><td>
<table>
<tr><th>ജില്ല</th><th>തീർപ്പാക്കാനുള്ള ജി.ഐ.എസ് ക്ലെയിമുകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>283</td></tr>
<tr><td>കൊല്ലം</td><td>164</td></tr>
<tr><td>പത്തനംതിട്ട</td><td>29</td></tr>
<tr><td>ആലപ്പുഴ</td><td>69</td></tr>
<tr><td>കോട്ടയം</td><td>182</td></tr>
<tr><td>ഇടുക്കി</td><td>37</td></tr>
<tr><td>എറണാകുളം</td><td>383</td></tr>
<tr><td>തൃശ്ശൂർ</td><td>358</td></tr>
<tr><td>പാലക്കാട്</td><td>63</td></tr>
<tr><td>മലപ്പുറം</td><td>248</td></tr>
<tr><td>കോഴിക്കോട്</td><td>161</td></tr>
<tr><td>വയനാട്</td><td>10</td></tr>
<tr><td>കണ്ണൂർ</td><td>244</td></tr>
<tr><td>കാസർഗോഡ്</td><td>6</td></tr>
<tr><td>ആകെ</td><td>2237</td></tr>
</table>
</td></tr>
<tr><td>ഇ)</td><td>ന്യൂനതകളില്ലാത്ത ക്ലെയിം അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനകം തീർപ്പാക്കുന്നതിനാണ് സേവനാവകാശ നിയമപ്രകാരം നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;</td><td>ജി.ഐ.എസ് ക്ലെയിം തീർപ്പാക്കുന്നതിന് 20 ദിവസമാണ് സേവനാവകാശ നിയമപ്രകാരം നിശ്ചയിച്ചിരിക്കുന്നത്.</td></tr>
<tr><td>എഫ്)</td><td>ഇപ്രകാരം ക്ലെയിം തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ;</td><td>സേവനാവകാശ നിയമപ്രകാരം ജി.ഐ.എസ് ക്ലെയിം തീർപ്പാക്കാൻ 20 ദിവസം എന്ന് നിശ്ചയിച്ചിട്ടുള്ളത് നിലവിലെ സാഹചര്യത്തിൽ വകുപ്പിൽ പ്രായോഗികമല്ല. എസ്.എൽ.ഐ പോളിസികളുടെയും എസ്.എൽ.ഐ/ ജി.ഐ.എസ് ക്ലെയിമുകളുടെയും ഭീമമായ വർദ്ധനവ് മൂലം സേവനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഇടപാടുകാർക്ക് സേവനം നൽകാൻ വകുപ്പിന്റെ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം സാധിക്കാതെ വരുന്നു. അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സേവനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ ഇടപാടുകാർക്ക് സേവനം നൽകുന്നത് സാധ്യമാക്കുന്നതിനുമായി വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നിരുന്നാലും നിലവിലുള്ള ജീവനക്കാരുടെ സേവനം അവധി ദിവസങ്ങളിലും പ്രവർത്തി ദിവസങ്ങളിൽ അധികമായും ഉപയോഗപ്പെടുത്തി കുടിശ്ശിക തീർക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**